## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 289** — **23.03.2015 - ന് മറുപടിക്ക്**

### നഗരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>" വി. ഡി. സതീശൻ<br>" ഐ.സി. ബാലകൃഷ്ണൻ<br>" എം.എ.വാഹീദ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി കമ്മീഷൻ ചെയ്യുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | എ) കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന ജെ.എൻ.എൻ.യു.ആർ.എം./ യു.ഐ.ഡി.എസ്.എസ്.എം.റ്റി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരവികസന പദ്ധതികൾ ഊർജ്ജിതമായി കമ്മീഷൻ ചെയ്യുന്നതിന് പദ്ധതികളുടെ നടത്തിപ്പ് അവലോകനങ്ങൾ തുടർച്ചയായി നടത്തി വരുന്നതു കൂടാതെ ഇതുമായി ബന്ധപ്പെട്ട എംപവേർഡ് കമ്മിറ്റിയിൽ പദ്ധതികളിലൂടെ കൈവരിച്ച ഭൗതിക നേട്ടങ്ങളും ചെലവിന്റെ വിശദാംശങ്ങളും പരിശോധിച്ചു വരുന്നു. പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പ്രായോഗിക തടസ്സങ്ങൾ റിപ്പോർട്ടു ചെയ്യുന്നപക്ഷം അവ അപ്പപ്പോൾ തന്നെ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധർ സ്ഥലം സന്ദർശിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. |
| ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത് ; വിശദമാക്കുമോ; | ബി) ശുദ്ധജല വിതരണം, അഴുക്കുചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിവാരണത്തിനായുള്ള ഓടകളുടെ നിർമ്മാണം, റോഡ് ഗതാഗതം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലുള്ള പദ്ധതികളാണ് ഇത്തരത്തിൽ കമ്മീഷൻ ചെയ്യപ്പെടുന്നത്. |

.........(2)

| | |
|---|---|
| സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ; | സി) ജെ.എൻ.എൻ.യു.ആർ.എം./യു.ഐ.ഡി.എസ്. എസ്.എം.റ്റി. പദ്ധതികൾക്ക് അംഗീകരിച്ച പദ്ധതി അടങ്കലിന്റെ 80 ശതമാനം തുക കേന്ദ്ര സഹായമായി ലഭിച്ചു വരുന്നു. കൊച്ചി നഗരസഭയുടെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികളുടെ കാര്യത്തിൽ കേന്ദ്രവിഹിതം 50 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| ഡി) ഇതിനായി ഭരണതലത്തിൽ ഏതെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ ? | ഡി) ജെ.എൻ.എൻ.യു.ആർ.എം./യു.ഐ.ഡി.എസ്. എസ്.എം.റ്റി. പദ്ധതികളുടെ നോഡൽ ഏജൻസിയായി കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ കാര്യാലയം പ്രവർത്തിച്ചു വരുന്നു. ജെ.എൻ.എൻ. യു.ആർ.എം. പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി എന്നീ നഗരസഭകളിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ (പി.ഐ.യു.) പ്രവർത്തിച്ചു വരുന്നു. കൂടാതെ ജെ.എൻ.എൻ. യു.ആർ.എം./യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതികളിൽ ഉൾപ്പെടുന്ന ശുദ്ധജല വിതരണ പദ്ധതികളുടെയും അഴുക്കുചാൽ നിർമ്മാണ പദ്ധതികളുടെയും നിർവഹണത്തിന് കേരള വാട്ടർ അതോറിറ്റിയെ നിർവഹണ ഏജൻസിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ